## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5945** **19.11.2019-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി.യ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. സ്വന്തം ആവശ്യങ്ങൾക്കുപയോഗിക്കുന്ന എല്ലാത്തരം വാഹനങ്ങളും ഇലക്ട്രിക്ക് വാഹനങ്ങളാക്കി മാറ്റാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) & (ബി) | സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജ്ജിംഗ് ഇൻഫ്രാസ്ട്രച്ചർ ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി ബോർഡിനെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചു. ഇതിന്റെ ഭാഗമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br>ഈ നയത്തിന്റെ ഭാഗമായി താഴെപ്പറയുന്നവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>1. കോർപ്പറേറ്റ് ഓഫീസുകളിലും, ഫീൽഡ് ഓഫീസുകളിലും ഉപയോഗിക്കുന്ന പഴയ വാഹനങ്ങൾ ഘട്ടം ഘട്ടമായി ഇലക്ട്രിക് വാഹനങ്ങളായി മാറ്റുക.<br>2. ഭാവിയിൽ കഴിയുന്നിടത്തോളം, ഫീൽഡ് ഓഫീസുകളിൽ വാടകയ്ക്ക് എടുത്തിട്ടുള്ള പെട്രോൾ, ഡീസൽ കാറുകൾ ഇലക്ട്രിക് വാഹനങ്ങളായി മാറ്റുക<br>ഇ-മൊബിലിറ്റി പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നു. ആദ്യഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ ചാർജ്ജിംഗ് |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും അത് വഴി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള EoI വിളിച്ചിട്ടുണ്ട്. ഇതിനുപുറമേ ആറു കോർപ്പറേഷനുകളിൽ കെ .എസ് ഇ. ബി യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ ഡി.സി ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.<br>കൂടാതെ, ദേശീയപാതകളിൽ ഓരോ 25 കിലോമീറ്ററിലും, നഗരങ്ങളിൽ 3km x 3km ഗ്രിഡുകൾ എന്ന കണക്കിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 'വൺ മില്യൺ പ്ലസ്' ജനസംഖ്യയുള്ള 7 നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യും അപേക്ഷ നൽകിയിട്ടുണ്ട്.<br>കൂടാതെ തുടക്കം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 8.2 കോടി രൂപയുടെ ഭരണാനുമതി 15.10.2019 ൽ നൽകിയിട്ടുണ്ട്.<br>അന്തരീക്ഷത്തിലെ കാർബണിന്റെ അളവും, അന്തരീക്ഷ മലിനീകരണവും കുറച്ച് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനാകുമെന്നും, കൂടാതെ ഇന്ധന ഇറക്കുമതി കുറയ്ക്കാനാകുമെന്നുമുള്ളതാണ് പ്രതീക്ഷിക്കുന്ന നേട്ടം. |

സെക്ഷൻ ഓഫീസർ